REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ആറ് കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കി. കാനഡയിലെ ഹൈക്കമ്മീഷണറേയും മറ്റ് ഉദ്യോഗസ്ഥരേയും ഇന്ത്യ പിൻവലിച്ചു.**
- **ഇന്ത്യയും അൾജീരിയയും തമ്മിൽ ആഴത്തിൽ സാമ്പത്തിക സഹകരണം വേണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഇന്റർനാഷണൽ ടെലികമ്യൂണിക്കേഷൻ യൂണിയൻ - വേൾഡ് ടെലികമ്യൂണിക്കേഷൻ സ്റ്റാൻഡേർഡൈസേഷൻ അസംബ്ലി ഉദ്ഘാടനം ചെയ്യും.**
- **വയനാട് ദുരന്തത്തിൽ കേരളത്തിന് ലഭിക്കേണ്ട അർഹമായ കേന്ദ്രസഹായം ലഭിക്കുമെന്ന് ധനമന്ത്രി നിർമലാ സീതാരാമൻ.**
- **ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യത കണക്കിലെടുത്ത് കേരള തീരത്ത് ഇന്ന് ചുവപ്പ് ജാഗ്രത.**
- **വനിതാ ടി20 ക്രിക്കറ്റ് ലോകകപ്പിൽ പാക്കിസ്ഥാനെ തോൽപ്പിച്ച് ന്യൂസിലൻഡ് സെമിയിൽ, ഇന്ത്യ പുറത്തായി.**

## വാർത്തകൾ വിശദമായി

ആക്ടിംഗ് ഹൈക്കമ്മീഷണർ സ്റ്റുവർട്ട് റോസ് വീലർ ഉൾപ്പെടെ ആറ് കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കി. ഡെപ്യൂട്ടി ഹൈക്കമ്മീഷണർ പാട്രിക് ഹെബർട്ട്, ഫസ്റ്റ് സെക്രട്ടറിമാരായ മേരി കാതറിൻ

ജോളി, ലാൻ റോസ് ഡേവിഡ് ട്രൈറ്റ്സ്, ആദം ജെയിംസ് ചുപ്ക, പോള ഓർജുവേല എന്നിവരാണ് പുറത്താക്കിയ മറ്റുള്ളവർ. ശനിയാഴ്ചക്കോ അതിനുമുമ്പോ ഇന്ത്യ വിടാനും ഇവരോട് ആവശ്യപ്പെട്ടു.

സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ നിലവിലെ കനേഡിയൻ ഗവൺമെന്റിന്റെ പ്രതിബദ്ധതയിൽ വിശ്വാസമില്ലെന്ന് കാണിച്ച് കാനഡയിലെ ഹൈക്കമ്മീഷണറെയും മറ്റ് നയതന്ത്രജ്ഞരെയും ഉദ്യോഗസ്ഥരെയും ഇന്ത്യ പിൻവലിച്ചു.

കനേഡിയൻ ഷാഷെ ദ ഫെയ് നെ ഇന്നലെ വൈകിട്ട് വിദേശകാര്യമന്ത്രാലയത്തിലെ സെക്രട്ടറി വിളിച്ചുവരുത്തി കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറെയും മറ്റ് നയതന്ത്രജ്ഞരെയും ഉദ്യോഗസ്ഥരെയും അടിസ്ഥാനരഹിതമായി ലക്ഷ്യമിടുന്നത് പൂർണ്ണമായും അംഗീകരിക്കാനാവില്ലെന്ന് അറിയിച്ചു. തീവ്രവാദത്തിന്റെയും അക്രമത്തിന്റെയും അന്തരീക്ഷത്തിൽ ട്രൂഡോ ഗവൺമെന്റിന്റെ നടപടികൾ അവരുടെ സുരക്ഷയെ അപകടത്തിലാക്കുന്നുവെന്നും സെക്രട്ടറി പറഞ്ഞു. ഇന്ത്യക്കെതിരായ ഭീകരവാദത്തിനും അക്രമണങ്ങൾക്കും വിഘടനവാദത്തിനും ട്രൂഡോ ഗവൺമെന്റിന്റെ പിന്തുണക്ക് മറുപടിയായി തുടർനടപടി സ്വീകരിക്കാൻ ഇന്ത്യക്ക് അധികാരമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

നേരത്തെ, കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറും മറ്റ് നയതന്ത്ര ഉദ്യോഗസ്ഥരും ആ രാജ്യത്തെ അന്വേഷണവുമായി ബന്ധപ്പെട്ട വിഷയത്തിൽ 'താൽപ്പര്യമുള്ള വ്യക്തികൾ' ആണെന്ന വാദം ഇന്ത്യ ശക്തമായി നിരസിച്ചിരുന്നു. വോട്ട് ബാങ്ക് രാഷ്ട്രീയത്തെ കേന്ദ്രീകരിച്ച് ട്രൂഡോ ഗവൺമെന്റിന്റെ രാഷ്ട്രീയ അജണ്ടയാണിതെന്നും ഇന്ത്യ വ്യക്തമാക്കി.

✪✪✪

ഇന്ത്യയും അൾജീരിയയും തമ്മിൽ ആഴത്തിൽ സാമ്പത്തിക സഹകരണത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു ആഹ്വാനം ചെയ്തു. അൾജീരിയൻ തലസ്ഥാന നഗരമായ അൾജിയേഴ്സിൽ അൾജീരിയ - ഇന്ത്യ സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെയും സഹകരണത്തിന്റെ പുതിയ യുഗത്തിലേക്ക് ആക്കം കൂട്ടേണ്ടതിന്റെയും ആവശ്യകത രാഷ്ട്രപതി എടുത്തു പറഞ്ഞു.

രാഷ്ട്രപതിയുടെ മാധ്യമസംഘത്തിൽ നിന്ന് A M മയൂഷ

**......വോയ്സ്....**

അൾജീരിയൻ നേതൃത്വവുമായുള്ള വിവിധ ചർച്ചകളിൽ അൾജീരിയ വളർച്ചയ്ക്കും നിക്ഷേപ അവസരങ്ങൾ വർധിപ്പിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാണെന്ന്  രാഷ്ട്രപതി

ദ്രൗപതി മുർമു അൾജീരിയn Indian ഇക്കണോമിക് ഫോറത്തെ അഭിസംബോധന ചെയ്തു കൊണ്ട്   പറഞ്ഞു,. ഇന്ത്യ നിലവിൽ ആഫ്രിക്കയിലെ പ്രധാന നിക്ഷേപക രാഷ്ട്രമാണെന്നും, അൾജീരിയയും ഇന്ത്യയും തമ്മിൽ മികച്ച സാമ്പത്തിക ബന്ധമുണ്ടെന്നും എന്നാൽ  നിർമ്മാണം, ഓട്ടോമൊബൈൽ, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിലെ സാധ്യതകൾ ഇനിയും പ്രയോജനപ്പെടുത്താഉണ്ടെന്നും രാഷ്ട്രപതി പറഞ്ഞു

മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിലേക്ക് അൾജീരിയൻ കമ്പനികളെ രാഷ്ട്രപതി ക്ഷണിച്ചു. ഇന്ത്യയും അൾജീരിയയും ഒരുമിച്ച് പ്രവർത്തിക്കുന്നത് തുടരണമെന്നും അങ്ങനെ നിലവിലുള്ള സൗഹാർദ്ദപരമായ ബന്ധം വിപുലീകരിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ അൾജീരിയ സന്ദർശനത്തിന്റെ മൂന്നാം ദിവസമായ ഇന്ന് രാഷ്ട്രപതി വിവിധ പരിപാടികളിൽ പങ്കെടുക്കും. ഇന്ത്യയുടെ മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന്റെ ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിന്റെ ഛായാചിത്രത്തിൽ ശ്രീമതി Droupadi Murmu  പുഷ്പാർച്ചന നടത്തും. തുടർന്നു സിദി അബ്ദല്ല സയൻസ് ആൻഡ് ടെക്നോളജി പോൾ യൂണിവേഴ്സിറ്റിയെ അഭിസംബോധന ചെയ്യും. കടൽജല ശുദ്ധീകരണ പദ്ധതി, റോമൻ ruins, musoleum, ഹമ്മ garden തുടഗിയ സ്ഥലങ്ങളും രാഷ്ട്രപതി സന്ദർശിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്റർനാഷണൽ ടെലികമ്യൂണിക്കേഷൻ യൂണിയൻ - വേൾഡ് ടെലികമ്യൂണിക്കേഷൻ സ്റ്റാൻഡേർഡൈസേഷൻ അസംബ്ലി  ഉദ്ഘാടനം ചെയ്യും.

ഇന്ത്യ മൊബൈൽ കോൺഗ്രസ്  എട്ടാം പതിപ്പിന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും.

**ഡെസ്ക് റിപ്പോർട്ട്...**

ഡിജിറ്റൽ സാങ്കേതികവിദ്യകൾക്കായുള്ള ഐക്യരാഷ്ട്രസഭ ഏജൻസിയുടെ, ഇന്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയന്റെ സ്റ്റാൻഡേർഡൈസേഷൻ പ്രവർത്തനങ്ങൾക്കായി സംഘടിപ്പിക്കുന്ന

ഭരണനിർവഹണ സമ്മേളനമാണ് WTSA. നാലുവർഷത്തിലൊരിക്കൽ നടക്കുന്ന അസംബ്ലിയിൽ ടെലികോം, ഡിജിറ്റൽ, ഐസിടി മേഖലകളെ പ്രതിനിധാനം ചെയ്ത് 190-ലധികം രാജ്യങ്ങളിൽനിന്ന് 3000-ലധികം വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ, സാങ്കേതിക വിദഗ്ധർ എന്നിവർ അസംബ്ലിയിൽ പങ്കെടുക്കും. ഇതാദ്യമായാണ് ഇന്ത്യയും ഏഷ്യ-പസഫിക്കും ITU-WTSA ക്ക് ആതിഥേയത്വം വഹിക്കുന്നത്.

'ഇപ്പോഴാണു ഭാവി' എന്നതാണ് ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ എട്ടാം പതിപ്പിന്റെ പ്രമേയം. 400-ലധികം പ്രദർശകരും 900-ഓളം സംരംഭങ്ങളും 120-ലധികം രാജ്യങ്ങളിലെ  പങ്കാളിത്തവും ഇന്ത്യ മൊബൈൽ കോൺഗ്രസ് 2024ലുണ്ടാകും.

✪✪✪

വയനാട് ദുരന്തത്തിൽ കേരളത്തിന് ലഭിക്കേണ്ട അർഹമായ കേന്ദ്രസഹായം ലഭിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ പറഞ്ഞു.  കൊച്ചി St. തെരേസാസ് കോളേജിൽ പ്രൊഫസർ KV തോമസ് ഫൗണ്ടേഷൻ സംഘടിപ്പിച്ചമീറ്റ് ദ ലീഡർ പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

 പൂത്തുമല ദുരന്തം ഉണ്ടായപ്പോഴും പ്രധാനമന്ത്രി നേരിട്ട് എത്തി വേണ്ടതെല്ലാം ചെയ്തു. അതിലും സാമ്പത്തിക സഹായം കിട്ടിയില്ലെന്ന് ആരോപണം ഉയർന്നിരുന്നു എന്നാൽ ചെലവഴിച്ചതിന്റെ കണക്കുകൾ യഥാസമയം കിട്ടാത്തതിനാലാണ് ധനസഹായം പൂർണമായും നൽകാൻ വൈകിയത്.

കേന്ദ്രത്തിൽ നിന്നും കൂടുതൽ വായ്പയെടുക്കുന്നതിന് കേരളത്തിന് അനുമതി ലഭിക്കുന്നില്ലെന്ന ചോദ്യത്തിന് സുപ്രീംകോടതി അതിന് മറുപടി പറയട്ടെ എന്നായിരുന്നു നിർമ്മലാ സീതാരാമന്റെ പ്രതികരണം.

കേരളത്തിൽ നോക്കുകൂലി ഇല്ലാതായാൽ വ്യവസായങ്ങൾ ധാരാളം വളരുമെന്നും ഇതിലൂടെ നിക്ഷേപം വർദ്ധിക്കുമെന്നും നിർമല സീതാരാമൻ പറഞ്ഞു. കേരളം വിദ്യാഭ്യാസത്തിന്റെ ഹബ്ബായി മാറിയെന്ന് പറയുമ്പോഴും പഠിച്ചിറങ്ങുന്ന നിരവധി വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ്.

കേന്ദ്രഗവൺമെന്റ് സബ്സിഡി നിർത്തലാക്കി എന്നത് വ്യാജ പ്രചരണമാണെന്നും നിർമല സീതാരാമൻ വ്യക്തമാക്കി.

✪✪✪

വഖഫ് (ഭേദഗതി) ബിൽ  ചർച്ച ചെയ്യുന്നതിനു  പാർലമെന്റിന്റെ സംയുക്ത സമിതി യോഗം  ന്യൂഡൽഹിയിൽ ചേർന്നു.  ചട്ടങ്ങൾക്കനുസൃതമായി സമിതി

പ്രവർത്തിക്കുന്നി ല്ലെന്നാരോപിച്ച് ചില പ്രതിപക്ഷ എംപിമാർ യോഗം ബഹിഷ്കരിച്ചു.

കോൺഗ്രസിലെ ഗൗരവ് ഗൊഗോയ്, ഇമ്രാൻ മസൂദ്, ശിവസേനയുടെ അരവിന്ദ് സാവന്ത്, DMKയുടെ A രാജ, AIMIAMലെ അസദുദ്ദീൻ ഒവൈസി, സമാജ്‌വാദി പാർട്ടിയുടെ മൊഹിബുള്ള, AAPയുടെ സഞ്ജയ് സിംഗ് തുടങ്ങിയ പ്രതിപക്ഷ എംപിമാർ ഇറങ്ങിപോവുകയും നടപടിക്കെതിരെ ശക്തമായി പ്രിതിഷേധിക്കുകയും ചെയ്തു. ലോക്സഭാ സ്പീക്കറെ സമീപിച്ച് വഖഫ് ബില്ലിൽ ആശങ്ക പ്രകടിപ്പിക്കാനാണ് പ്രതിപക്ഷ എംപിമാരുടെ തീരുമാനം.

✪✪✪

നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ളയുടെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ നാളെ ജമ്മു കശ്മീരിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമമേൽക്കും. രാവിലെ 11:30 ന് ശ്രീനഗറിലെ ഷേറെ കശ്മീർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ അദേഹത്തിനും പുതിയ മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുക്കും. ഇന്നലെയാണ് ഗവൺമെന്റ് രൂപീകരണത്തിന് ഒമർ അബ്ദുല്ലയെ ലഫ്റ്റനന്റ് ഗവർണർ ക്ഷണിച്ചത്.

✪✪✪

ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ ഇന്ന് കേരള തീരത്ത് ദേശീയ സമുദ്രസ്ഥിതി ഗവേഷണകേന്ദ്രം ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശപ്രകാരം മാറി താമസിക്കണമെന്നും കേരള,കർണാടക,ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മൽസ്യ ബന്ധനം ഒഴിവാക്കണമെന്നും നിർദേശമുണ്ട്. മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകളിലെ വിനോദസഞ്ചാരം ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും ഒഴിവാക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർകോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തെക്കു പടിഞ്ഞാറൻ കാലവർഷം അടുത്ത രണ്ടു ദിവസത്തിനകം പൂർണമായും പിൻവാങ്ങി തുലാവർഷം എത്തുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാന നിയമസഭ സമ്മേളനം ഇന്ന് അവസാനിക്കും. എട്ടാം ദിവസമായ ഇന്ന് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും ഭേദഗതി ബിൽ ഉൾപ്പെടെ മൂന്ന് ബില്ലുകൾ സഭയുടെ പരിഗണനയ്ക്കെത്തും. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം സംബന്ധിച്ച്, IB സതീഷും സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച് മോൻസ് ജോസഫും സഭയുടെ ശ്രദ്ധ ക്ഷണിക്കും.

ഈ മാസം നാലിനാണ് വയനാട് ദുരന്തബാധിതർക്ക് ആദരാഞ്ജലി അർപ്പിച്ചു നിയമസഭാ സമ്മേളനത്തിന് തുടക്കമായത്. 7 ദിവസത്തെ ഇടവേളയിൽ മൂന്ന് അടിയന്തര പ്രമേയ ചർച്ചകൾക്കും സഭ വേദിയായി.

വയനാട് ദുരന്ത സഹായം, വഖഫ് ഭേദഗതി ബിൽ, ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റിനോട് നിലപാട് വ്യക്തമാക്കുന്ന മൂന്നു പ്രമേയങ്ങൾ നിയമസഭ സമ്മേളനകാലത്ത് അംഗീകരിച്ചു.

✪✪✪

വിലങ്ങാട് കെടുതി നേരിട്ടവർക്കു ഗവൺമെന്റ് പിന്തുണയും സമാശ്വാസ പദ്ധതികളും വയനാടിലേതിന് സമാനമാക്കുമെന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പറഞ്ഞു. വിലങ്ങാട് ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിച്ച ശേഷം കോഴിക്കോട് കലക്ടറേറ്റിൽ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

വിലങ്ങാട്ടെ നാശനഷ്ടങ്ങളിൽ ഉരുൾപൊട്ടൽ മൂലമുണ്ടായതെന്നും, പ്രളയം മൂലമുണ്ടായതെന്നും കൃത്യമായി തരം തിരിക്കണമെന്ന് അവർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. വിലങ്ങാട് ദുരിതബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പണം അനുവദിക്കുന്നതിന് ഉത്തരവ് ഇറങ്ങിയെന്നും ഇത് ഒന്ന്, രണ്ട് ദിവസങ്ങൾക്കുള്ളിൽ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കണമെന്നും ചീഫ് സെക്രട്ടറി നിർദേശിച്ചു. ചില വാടകവീടുകളുടെ ഉടമസ്ഥർ താമസക്കാരോട് ഒഴിഞ്ഞുപോകാൻ പറഞ്ഞതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വിഷയത്തിൽ ജില്ലാ ഭരണകൂടം ഇടപെടണമെന്നും അവർ പറഞ്ഞു.

✪✪✪

അജൈവ മാലിന്യ ശേഖരണത്തിന് ഹരിത കർമ്മസേന രൂപീകരിക്കുന്ന സംസ്ഥാനത്തെ ആദ്യ ജയിലായി മാറുകയാണ് കണ്ണൂർ സെൻട്രൽ ജയിൽ. ഹരിത സ്പർശം എന്ന പേരിൽ ഈ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് വൈകീട്ട് സെൻട്രൽ ജയിൽ സ്കൂളിൽ നടക്കും.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി KO.ശശിധരൻ.

**....വോയ്സ്....**

സെൻട്രൽ ജയിലിലെ ഓരോ ബ്ലോക്കിൽ നിന്നുമായി ആകെ 12 അന്തേവാസികളെ ഉൾപ്പെടുത്തിയാണ് ഹരിത കർമ്മസേന രൂപീകരിക്കുന്നത്. അജൈവ മാലിന്യ സംസ്കരണത്തിൽ ഇവർക്ക് പരിശീലനം നൽകും. ശേഖരിക്കുന്ന പാഴ് വസ്തുക്കൾ ക്ലീൻകേരള കമ്പനിക്കാണ് കൈമാറുക.ഹരിത കേരള മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ സേനയ്ക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കും.മാലിന്യ സംസ്കരണത്തിന് ആവശ്യമായ വിവിധ ഉൽപന്നങ്ങളുടെ നിർമ്മാണവും സെൻട്രൽ ജയിലിൽ ആരംഭിക്കുന്നുണ്ട്. ഹരിത ജയിലാക്കി മാറ്റുന്നതിനായി മുല്ലപ്പു കൃഷി,ശലഭോദ്യാനം,നാടൻ മാവുകളുടെ ജീൻബാങ്ക്,മലിന ജല സംസ്കരണ പ്ലാന്റ് എന്നിവയും ഹരിത സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

✪✪✪

വനിതാ ടി20 ക്രിക്കറ്റ് ലോകകപ്പിൽ പാക്കിസ്ഥാനെ 54 റൺസിന് പരാജയപ്പെടുത്തി ന്യൂസിലൻഡ് സെമിയിൽ പ്രവേശിച്ചു. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ന്യൂസിലൻഡ് ഉയർത്തിയ 111 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാകിസ്ഥാൻ 11.4 ഓവറിൽ 56 റൺസിന് പുറത്തായി.

ഗ്രൂപ്പ് Aയിൽ നിന്ന് രണ്ടാമത്തെ ടീമായി ന്യൂസിലൻഡ് സെമിയിൽ പ്രവേശിച്ചതോടെ ഇന്ത്യ സെമി കാണാതെ പുറത്തായി. നാല് പോയിന്റ് ലഭിച്ച ഇന്ത്യ രണ്ട് ജയവും രണ്ട് തോൽവിയുമായി ഗ്രൂപ്പ് എയിൽ മൂന്നാം സ്ഥാനത്താണ്.

നാല് മത്സരങ്ങളും ജയിച്ച് ഓസ്ട്രേലിയ ഗ്രൂപ്പിൽ ഒന്നാമതെത്തിയപ്പോൾ ന്യൂസിലൻഡ് നാല് കളികളിൽ നിന്ന് ആറ് പോയിന്റുമായി രണ്ടാമതെത്തി.

✪✪✪

ഇന്ന് അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനം. കാഴ്ചയില്ലാത്തവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിലേക്കും അവരുടെ കഴിവുകളിലേക്കും സമൂഹത്തിന്റെ ശ്രദ്ധയാകർഷിക്കാൻ ലക്ഷ്യമിട്ടാണ് ഒക്ടോബർ 15 വൈറ്റ് കെയിൻ ദിനമായി ആചരിക്കുന്നത്.

ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കാഴ്ചയില്ലാത്തവർക്ക് സൗജന്യമായി വൈറ്റ് കെയിൻ ലഭ്യമാക്കുന്നതിന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റിന്റെ തിരുവനന്തപുരത്തെ ആസ്ഥാന കേന്ദ്രത്തിൽ വൈറ്റ് കെയിൻ ബാങ്ക് ആരംഭിക്കും.

✪✪✪